27

# ക്രിസ്തുവിൽ ശിശുക്കൾക്കു പക്വതയുള്ള - ഉപദേശം

## (9:23-30; 22:17-21)

യേശു നിക്കോദേമൊസിനോട് സംസാരിച്ചപ്പോൾ, അവൻ പരിവർത്തനത്തെ ജനനവുമായി താരതമ്യം ചെയ്തു. അവൻ യെഹൂദപ്രമാണിയോടു പറഞ്ഞു, "പുതുതായി ജനിച്ചില്ല എങ്കിൽ രാജ്യം കാണ്മാൻ ആർക്കും കഴിയില്ല" (യോഹന്നാൻ 3:3; യോഹന്നാൻ 3:5; 1 പത്രൊസ് 1:22, 23). പുതിയ നിയമത്തിൽ പുതിയ ക്രിസ്ത്യാനി കളെ "ക്രിസ്തുവിൽ *ശിശുക്കൾ*" എന്നാണു പറഞ്ഞിരുന്നതു (1 കൊരിന്ത്യർ 3:1; എബ്രായർ 5:13)[1] ക്രിസ്തുവിൽ ശിശുക്കളായ ക്രിസ്ത്യാനികൾ പുതുതായി ജനിച്ച കുട്ടികളെപ്പോലെ എല്ലാ അപകടങ്ങൾക്കും സന്തോഷങ്ങൾക്കും കീഴ്പ്പെടാറുണ്ട്.

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, തർസൊസുകാരനായ ശൗലിന്റെ ''പുതിയ ജനന നടപടി'' നാം കണ്ടു (നന്നായി അറിയപ്പെട്ടത് അപ്പൊസ്തലനായ പൗലൊസ് എന്നാണ്)[2] ഈ അവതരണത്തിൽ, ഇതിൽ പ്രവൃത്തി 9 തുടർന്നു പഠിക്കാം, ഒരു പുതിയ ക്രിസ്ത്യാനി എന്ന നിലയിൽ അവന്റെ ആദ്യദിനങ്ങൾ നോക്കാം.[3] ഈ വിവരണ ത്തിൽ നിന്നു, നാം ചില "പക്വതയുള്ള ഉപദേശം ക്രിസ്തുവിൽ ശിശുക്കൾക്കു നേടിയെടുക്കാം."

### നിങ്ങളുടെ കുടുംബത്തെ അനുമോദിക്ക
### (9:19, 20, 26-28, 30)

ശിശുക്കൾ സ്വാഭാവികമായി മരണത്തിലേക്കു ചായുന്നുണ്ട് എന്നു ഒരു ഡോക്ടർ ഒരിക്കൽ എന്നോടു പറഞ്ഞു. പുതുതായി ജനിക്കുന്ന മറ്റു സൃഷ്ടികളിൽ നിന്നു വ്യത്യസ്തമായി, മനുഷ്യശിശുക്കൾക്കു തുടർച്ചയായ ശ്രദ്ധ ആവശ്യമാണ്. ആ ശ്രദ്ധ കൊടുക്കുവാനാണ്, ദൈവം കുടുംബം നൽകിയിരിക്കുന്നത്. ശിശുക്കളെക്കാൾ ഉയർന്ന മരണനിരക്കാണ്

*പുതുതായി ജനിച്ച ക്രിസ്ത്യാനികളിൽ.* ക്രിസ്തുവിൽ ശിശുക്കളായിട്ടുള്ളവരെ ശക്തിപ്പെടുത്തുവാനും പ്രോത്സാഹിപ്പിക്കുവാനും, ദൈവം മറ്റൊരു ഭവനം നൽകിയിരിക്കുന്നു – അതാണ് സഭ.[4] പൗലൊസ് "ജീവനുള്ള ദൈവത്തിന്റെ ആലയമായ, ഭവനത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട്" (1 തിമൊഥെയോസ് 3:15). "ദൈവത്തിന്റെ ഭവനം" എന്നതിനു പകരം, ഒരു തർജ്ജിമയിൽ "ദൈവത്തിന്റെ *കുടുംബം*"[5] എന്നുള്ളതാണ്.

ചില കുട്ടികൾ അവരുടെ കുടുംബത്തെ അനുമോദിക്കാതിരിക്കുന്നതു എനിക്കറിയാം.[6] നിർഭാഗ്യവശാൽ, ദൈവത്താൽ നല്കപ്പെട്ട ആത്മീയ ഭവനത്തെ അനുമോദിക്കാത്ത ക്രിസ്ത്യാനികളേയും എനിക്കറിയാം. ക്രിസ്തുവിൽ ശിശുക്കളായ ക്രിസ്ത്യാനികൾ സഭയെ അനുമോദിക്കയും കർത്താവു നല്കുന്ന നേട്ടങ്ങളെ പ്രയോജനപ്പെടുത്തുകയും വേണം.

സഭയുടെ പ്രാധാന്യം തിരിച്ചറിയാത്തവർ ശൗലിന്റെ പരിവർത്തനം ശ്രദ്ധിച്ചു നോക്കണം. ഉപദ്രവകാരിക്കു യേശു പ്രത്യക്ഷനായപ്പോൾ അവൻ പറഞ്ഞു, "ശൗലേ, ശൗലേ, *നീ* എന്നെ ഉപദ്രവിക്കുന്നത് എന്ത്?" (9:4; എംഫസിസ്മെൻ) ശൗൽ യേശുവിനെ വ്യക്തിപരമായി ഉപദ്രവിച്ചിരുന്നില്ല; പിന്നെയോ ആ യുവാവ് യേശുവിന്റെ *ശിഷ്യൻമാരെയാണ്* ഉപദ്രവിച്ചത് (8:1–3). ആരെങ്കിലും യേശുവിന്റെ ശിഷ്യൻമാരിൽ ഒരാളോട് മോശമായി പെരുമാറിയാൽ, അതു യേശുവിനോട് മോശമായി പെരുമാറുന്നതിനു തുല്യമാണ്. ഈ ചിന്താധാര ഒരു പടി കൂടി മുമ്പോട്ടു ഞാൻ കൊണ്ടുപോകട്ടെ. പ്രത്യേകമായി, ശൗൽ *സഭയെയാണ്* ഉപദ്രവിച്ചത്. എന്ന് പ്രവൃത്തി 8–ൽ വായിക്കുന്നു, "അന്നു യെരുശലേമിലെ *സഭക്കു* ഒരു വലിയ ഉപദ്രവം നേരിട്ടു ... എന്നാൽ ശൗൽ *സഭയെ* മുടിച്ചു വന്നു" (വാക്യങ്ങൾ 1, 3; എംഫസിസ്മെൻ). തന്റെ ലേഖനങ്ങളിൽ, അവൻ *സഭയെ* ഉപദ്രവിച്ചിരുന്നതു ഊന്നിപറയുന്നുണ്ടു. "ഞാൻ സഭയെ ഉപദ്രവിച്ചു" (1 കൊരിന്ത്യർ 15:9); "ഞാൻ ദൈവത്തിന്റെ സഭയെ, അത്യന്തം ഉപദ്രവിച്ചു" (ഗലാത്യർ 1:13). ഫിലിപ്പിയർ 3:6–ൽ തന്നെതന്നെ "സഭയെ ഉപദ്രവിച്ചവൻ" എന്നു പറയുന്നുണ്ട്. എങ്കിലും, യേശു പറഞ്ഞതു ശൗൽ ക്രിസ്തു*വിനെ* ഉപദ്രവിച്ചു എന്നാണ്. അന്തിമമായി തീർച്ചപ്പെടു ത്താവുന്ന കാര്യം സഭയെ ക്രിസ്തുവിൽ നിന്നു വേർപ്പെടുത്തുന്നതല്ല എന്നാണ്![7]

ശൗൽ സ്നാനമേറ്റപ്പോൾ, കർത്താവു അവനെ തന്റെ സഭയോട് ചേർത്തു[8] ഉടനെ അവൻ ദമാസ്കസിലെ ഇടവകയിൽ സ്വീകാര്യനായി. (അവൻ സ്നാനമേറ്റപ്പോൾ,[9] അനേകർ അവരുടെ ശൗലിന്റെ തോളിൽ ഇട്ടുകൊണ്ട്, "സഹോദരാ ശൗലേ, സ്വാഗതം എന്നു പറയുന്നതു എനിക്കു ഊഹിക്കാൻ കഴിയുന്നുണ്ട്!") നമ്മോട് പറഞ്ഞിരിക്കുന്നതു, "അവൻ ദമാസ്കസിലുള്ള ശിഷ്യൻമാരോടുകൂടെ കുറയെ നാൾ പാർത്തു" (വാക്യം 19) പിന്നെ, "പെട്ടെന്ന് [ശൗൽ] പള്ളികളിൽ ഉപദേശിക്കാൻ തുടങ്ങി'' (വാക്യം 20). ഈ ക്രിസ്തുവിൽ ശിശുവായവനു പ്രസംഗിക്കാനുള്ള *ധൈര്യം* ലഭിച്ചത് ക്രിസ്തുവിലായി ത്തീർന്ന പുതിയ സഹോദരീ സഹോദരങ്ങളുടെ *പ്രോത്സാഹനം* ലഭിച്ച തു കൊണ്ടാണ്! പിന്നീട് ദമാസ്കസിൽ, ശൗലിന്റെ ജീവൻ അപകടത്തി ലായപ്പോൾ,

അവനെ രക്ഷിപ്പാൻ അവന്റെ ആത്മീയ ഭവനം ഓടി വന്നു (വാക്യം 25).

ശൗൽ ആഹാരത്തിനായി ദമാസ്കസ് വിട്ടു, ഉടനെ അവൻ യെരുശലേമിൽ ചെന്നു. യെരുശലേമിൽ അവൻ വീണ്ടും കർത്താവിലുള്ള സഹോദരങ്ങൾക്കു ചുറ്റും കാണപ്പെട്ടു. നാം വായി ക്കുന്നത്, "അവൻ യെരുശലേമിൽ എത്തിയാറെ ശിഷ്യൻമാരോട് ചേരു വാൻ ശ്രമിച്ചുകൊണ്ടിരുന്നു" (വാക്യം 26). ശൗൽ "ശിഷ്യന്മാരോട് ചെരുവാൻ"[10] ശ്രമിച്ചു എന്നതു കെജെവിയിലെ തർജ്ജിമ കൊള്ളാവുന്നതാണ് (എംഫസിസ് മൈൻ). "ബന്ധപ്പെടുക" അല്ലെങ്കിൽ "ചേരുക" എന്നതിന്റെ അക്ഷരികമായ അർത്ഥം "ഒട്ടിക്കുക" അല്ലെങ്കിൽ "ഒരുമിച്ചു ഉറപ്പിക്കുക"[11] യെരുശലേമിലെ ഇടവകയോട് കൂട്ടായ്മ ആചരിപ്പാൻ ശൗൽ ആഗ്രഹിച്ചു. മൂല ഭാഷയിൽ "അവൻ പരിശ്രമിച്ചു*കൊണ്ടേയിരുന്നു*" എന്നതു അവൻ ശിഷ്യന്മാരോട് ചേരുവാൻ തുനിഞ്ഞതിന്റെ പ്രാധാന്യമാണ് കാണിക്കുന്നത്.

മുമ്പ്, ആർക്കും കർത്താവിന്റെ സഭയിൽ *ചേരുവാൻ* സാദ്ധ്യ മല്ല എന്നു നാം പഠിച്ചുവല്ലോ, മറിച്ച് കർത്താവിനാൽ സഭയോട് *ചേർക്കപ്പെടുകയാണ്* (2:41, 47). എങ്ങനെയായാലും, ഒരാൾ കർത്താവിന്റെ സർവ്വദേശീയ സഭയിലേക്ക് ചേർക്കപ്പെട്ടു കഴിഞ്ഞാൽ, അയാൾക്കു തന്നെ *പ്രാദേശിക ഇടവകയോട്* "ചേരാൻ" കഴിയുന്നു. (ചേരണം).[12] അങ്ങനെ ആകുവാനാണ് ശൗൽ ആഗ്രഹിച്ചത്. ശൗൽ ദമാസ്കസിൽ വെച്ചു സ്നാനമേറ്റപ്പോൾ, അവൻ സ്വാഭാവികമായി ആ പ്രദേശത്തെ ഇടവകയുടെ ഭാഗമായി – ആരാണ് മറ്റുള്ളവർ സ്നാനപ്പെടുമ്പോഴും സംഭവിക്കുന്നത്.[13] അവൻ യെരുശലേമിൽ വന്നപ്പോൾ, അവൻ സ്വയമേ അവിടത്തെ അംഗമാകുന്നില്ല; എന്നാൽ അവരുമായി അവൻ കൂട്ടായ്മ ആഗ്രഹിക്കും, അങ്ങനെ അവൻ അവരിൽ ഒരാളായി സ്വീകരിക്കപ്പെടുവാൻ ശ്രമിക്കും.

യേശു മരിച്ചതായ, സർവ്വദേശീയ സഭയുടെ പ്രാധാന്യം നാം കണ്ടുകഴിഞ്ഞതാണ്. *പ്രാദേശിക* സഭയും പ്രാധാന്യമുള്ളതാണ്. വാസ്തവത്തിൽ, സാർവ്വദേശീയ സഭയുടെ ദൃശ്യവും പ്രായോഗികവുമായ ഏക പ്രകടനമാണ്, പ്രാദേശിക സഭകൾ. പൗലോസ് ലേഖനങ്ങൾ എഴുതിയപ്പോൾ, "സർവ്വദേശീയ സഭ" എന്നല്ല സംബോധന ചെയ്തത്; മറിച്ച്, പ്രത്യേക സ്ഥലത്തുള്ള പ്രത്യേക ഇടവകകൾക്കാണ് അവൻ എഴുതിയത് (1 കൊരിന്ത്യർ 1:2; 2 കൊരിന്ത്യർ 1:1; ഗലാത്യർ 1:2; 1 തെസ്സലോനിക്യർ 1:1; 2 തെസ്സലോനിക്യർ 1:1).

പ്രാദേശിക ഇടവകയുടെ പ്രാധാന്യം പുതിയ നിയമത്തിൽ പലപ്പോഴും പറഞ്ഞിട്ടുണ്ട്. വെളിപാടിൽ യേശുക്രിസ്തുവിനെ "ഏഴു പൊൻ നിലവിളക്കുകളുടെ നടുവിൽ നടക്കുന്നവൻ" എന്നു തിരിച്ചിരിക്കുന്നു, അത് "ആസ്യയിലെ ഏഴു സഭകൾ [ഇടവകകൾ]" ആണ് (2:1; 1:4, 20). സാദ്ധ്യമെങ്കിൽ, നാമെല്ലാവരും മൂപ്പൻമാരുടെ മേൽ നോട്ട ത്തിൻ കീഴിലാകേണ്ടതുണ്ട് (എബ്രായർ 13:17)[14] പക്ഷെ പ്രാദേശിക ഇടവകയെ മേൽ നോട്ടം നടത്താനെ മൂപ്പന്മാർക്കു കഴിയൂ. നാം പ്രാദേശിക ഇടവകയിൽ അംഗങ്ങളാകാതെ നമുക്കു മൂപ്പന്മാരുടെ മേൽ നോട്ടത്തിലാകാൻ സാദ്ധ്യമല്ല.

നിങ്ങൾ ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കു മാറുമ്പോൾ,

നിങ്ങൾ ശൗലിനെപ്പോലെ ആകണം: കർത്താവിന്റെ ജനങ്ങൾ ഉള്ള വിശ്വസ്ഥമായ ഒരു ഇടവകയെ വേഗത്തിൽ കണ്ടെ ത്തുകയും[15] ഏതെങ്കിലും വിധത്തിൽ[16]നിങ്ങൾ ആ ക്രിസ്തീയ കൂട്ടത്തോട് "നിങ്ങൾ ചേരുവാൻ" ആഗ്രഹിക്കുന്നു എന്ന് അവരെ അറിയിക്കുക.

ആദ്യം, യെരുശലേമിലെ ക്രിസ്ത്യാനികൾ പൗലൊസിനെ സ്വീകരിപ്പാൻ മടിച്ചു[17]; എന്നാൽ ബർണ്ണബാസ് അവനിൽ വ്യക്തി പരമായ താല്പര്യം എടുത്തു അവനെ ഉറപ്പിച്ചു. പൗലൊസ് അവരെ സ്വീകരിക്കുകയും ചെയ്തു (വാക്യം 27) പിന്നെ സ്വതന്ത്രമായി ക്രിസ്ത്യാനികൾക്കിടയിൽ അവൻ സഞ്ചരിക്കാൻ തുടങ്ങി (വാക്യം 28) അവരുടെ കൂട്ടായ്മ ആസ്വദിക്കുകയും ചെയ്തു. പിന്നീട്, അവൻ യെരുശലേമിൽ നിന്നു ഓടി പോയി (ദമാസ്കസിലെപ്പോലെ), വീണ്ടും ക്രിസ്തുവിലുള്ള അവന്റെ സഹോദരൻമാരാകുന്നു. അവന്റെ ജീവൻ രക്ഷിച്ചത് (വാക്യങ്ങൾ 29, 30).

ശൗൽ തന്റെ ആത്മീയ ഭവനമായ, സഭയെ അവൻ വ്യക്തമാ യി അനുമോദിച്ചിരുന്നു. നിങ്ങളും അങ്ങനെ ചെയ്യണമെന്നു ഞാൻ പ്രത്യാശിക്കുന്നു!

### സംസാരിക്കാൻ പഠിക്കുക
### (9:20-22, 27-29; 26:20)

കുട്ടികൾ നടക്കാൻ പഠിക്കേണ്ടതുണ്ട്. ചിലർ പെട്ടെന്നു പഠി ക്കും; ചിലർ കുറച്ചുകൂടെ സമയം എടുക്കും. അവർ ആദ്യം പറയുന്ന വാക്കു കേൾക്കുവാൻ നമുക്കെന്തു ആവേശമായിരിക്കും! എത്ര പെട്ടെന്നു ശൗൽ "സംസാരിക്കാൻ" പഠിച്ചു എന്നു നോക്കിയപ്പോൾ, ഞങ്ങളുടെ ആദ്യ കുഞ്ഞായ, സിന്ത്യയെ ഓർമ്മ വരുന്നു. വളരെ കുഞ്ഞായിരുന്നപ്പോൾ, ഞങ്ങൾ പറയുന്ന ഏതു വാക്കും അനുകരിച്ചു പറയും ("ഹിപ്പോപൊട്ടാമസ്," "റൈനോസറസ്," എന്നൊക്കെ). അവൾ ധാരാളം സംസാരിക്കാൻ ഇഷ്ടപ്പെട്ടതുകൊണ്ട് അതെന്താണെന്ന് അപരിചിതർക്കു ഞങ്ങൾ "വിവരിച്ചു" കൊടുക്കേണ്ടിവന്നിട്ടുണ്ട്. "അവൾ അതു സത്യസന്ധമായി പറയുന്നതാണ്," ഞങ്ങൾ പറയും. "അവൾ ഒരു ഉപദേഷ്ടാവിന്റെ മകൾ അല്ലേ, അവളുടെ അമ്മ ഒരു സ്ത്രീയാണ്."

ശൗൽ "വീണ്ടും ജനിച്ചപ്പോൾ," അവൻ ഉടനെ മുഴുവൻ – വാചകത്തിൽ – യേശുവിനെപ്പറ്റി സംസാരിക്കാൻ തുടങ്ങി. ആഴ്ചയുടെ ഏതു ദിവസമാണ് അവൻ സ്നാനമേറ്റതു എന്നു നമുക്കറിഞ്ഞുകൂടാ, എന്നാൽ ശബത്തു നാളിൽ അവൻ പള്ളിയിൽ സന്നിഹിതനായിരുന്നു: "അവൻ ഉടനെ പള്ളികളിൽ യേശുവിനെക്കുറിച്ച് പ്രസംഗിക്കാൻ തുടങ്ങി. അവൻ പറഞ്ഞു, 'അവൻ ദൈവപുത്രൻ അത്രേ'" (9:20). ശൗൽ പള്ളിയിൽ ചെന്നപ്പോൾ, അവിടെ ഉണ്ടായിരുന്നവർ അതിശയിച്ചില്ല പക്ഷെ ആകാംക്ഷയുള്ളവരായിരുന്നു.[18] പ്രസിദ്ധനായ ഒരു യെഹൂദപണ്ഡിതൻ ന്യായപ്രമാണത്തോടു എരിവുള്ള ഒരാൾ വരിക എന്നതു അവർക്കു ആദരവ് തന്നെ. പ്രസംഗത്തിനു സമയമായപ്പോൾ, ശൗലിന്റെ അടുക്കൽ ചെന്നു പറഞ്ഞു, "സഹോദരാ, ജനത്തിനു

പ്രബോധനം വല്ലതും ബോധിപ്പിക്കാനുണ്ടോ, പറയൂ!" (13:15 നോക്കുക). യെഹൂദവിശ്വാസത്തിന്റെ പവിത്രത ക്രിസ്ത്യാനികൾ നശിപ്പിക്കുന്നതെങ്ങനെ എന്ന ദീർഘമായ പ്രസംഗം കേൾപ്പാൻ സദസ്സ്യർ ആവേശത്തോടെ ഇരിക്കയാണ്. പകരം, അവർ കേട്ട പ്രസംഗം യേശു ദൈവപുത്രനാകുന്നു എന്ന വിഷയമാണ് അവർ കേട്ടത്!

പ്രവൃത്തികളുടെ പുസ്തകത്തിൽ ഇതാദ്യമായിട്ടാണ് യേശു "ദൈവപുത്രനെന്നു" പ്രസംഗിക്കുന്നത്.[19] ദമാസ്കസിലേക്കുള്ള[20] വഴിയിൽ യേശു ശൗലിനു പ്രത്യക്ഷനായതു ദൈവപുത്രനായിട്ടായിരുന്നു, അതുകൊണ്ട് ആ വലിയ സത്യം അറിയുവാൻ ശൗൽ ആഗ്രഹിച്ചു. "ദൈവപുത്രൻ" എന്നതു അപ്പോസ്തലന്മാരുടെ എഴുത്തുകൾ മുഖ്യ വിഷയമായിരുന്നു.[21]

അവിടെയുണ്ടായിരുന്നവർക്കു സന്ദേശത്തിൽ അതിശയമു ണ്ടായി, എന്നാൽ അതിനേക്കാൾ അതിശയം സന്ദേശം നല്കിയവനിലു ണ്ടായി. നാം വായിക്കുന്നു, "കേട്ടവർ എല്ലാവരും വിസ്മയിച്ചു, പിന്നെ പറഞ്ഞു, 'യെരുശലേമിൽ ഈ നാമം വിളിച്ചപേക്ഷിക്കുന്നവർക്കു, നാശം ചെയ്തവൻ ഇവനല്ലയോ ഇവിടെയും അവരെ പിടിച്ചുകെട്ടി മഹാപുരോഹിതൻമാരുടെ അടുക്കൽ കൊണ്ടുപോകുവാനല്ല വന്നതു എന്നു പറഞ്ഞു?'" (9:21).

കുറെ കഴിഞ്ഞപ്പോഴെക്കും, ശൗൽ "യെശുവിന്റെ നാമത്തിൽ പ്രാഗത്ഭ്യത്തോടെ" സംസാരിച്ചു തുടങ്ങി (9:27). "ശൗലോ മേല്ക്കുമേൽ ശക്തി പ്രാപിച്ചു,യേശു തന്നെ ക്രിസ്തു എന്നു തെളിയിച്ചു ദമാസ്കസിൽ പാർക്കുന്ന യെഹൂദന്മാരെ മിണ്ടാതാക്കി" (9:22) "തെളിയിച്ചുകൊണ്ട്" എന്നതു സംയുക്ത ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തു കിട്ടിയതാണ്. അർത്ഥം "തെളിച്ചു ചേർക്കുക, യോജിപ്പിക്കുക, മെടഞ്ഞുചേർക്കുക" എന്നാണ്. മശിഹായെക്കുറിച്ചുള്ള പഴയ നിയമ ഉദ്ധരണികൾ എടുത്ത് യേശുവിന്റെ ജീവിതവും ചേർത്തു ശൗൽ പറയുകയായിരുന്നു.[22] ഈ രണ്ടു ഉറവിടങ്ങളേയും "ഒരുമിച്ച് മെടഞ്ഞ് ചേർത്ത്" നല്കിയപ്പോൾ യേശു മിശിഹായാണെന്ന ശക്തമായി തെളിവായിരുന്നു അത്!

യേശു മിശിഹായായിട്ടു മാത്രമല്ല ശൗൽ പ്രഖ്യാപിച്ചത്. തന്നെപ്പോലെ, തന്റെ സഹയെഹൂദന്മാർക്കുള്ള മതഭക്തി മാറണമെന്ന് അവൻ പറഞ്ഞു! "ദമാസ്കസിലുള്ളവരോട് ... *മാനസാന്തരപ്പെട്ട്* ദൈവത്തിലേക്കു തിരിഞ്ഞ്, മാനസാന്തരത്തിനു യോഗ്യമായ ഫലം പുറപ്പെടുവിക്കുവാൻ ... പറഞ്ഞു" (26:20; എംഫസിസ്മൈൻ).

ദമാസ്കസിലെ ശൗലിന്റെ പ്രാരംഭദിവസങ്ങൾ അവന്റെ ശുശ്രൂഷക്ക് മാതൃക ഒരുക്കി. അവൻ യെരുശലേമിൽ ചെന്നപ്പോൾ, അവൻ പ്രാഗത്ഭ്യരുടെ പ്രസംഗിക്കുകയും അവരുമായി പെരുമാറുകയും ചെയ്തു. യവനഭാഷക്കാരായ യെഹൂദൻമാരോടും അവരുടെ [പള്ളകളിൽ[23]] അവൻ സംഭാഷിച്ചു തർക്കിച്ചു (9:28, 29). അപ്പോസ്തലൻ തുടർന്നു യാത്ര ചെയ്യുമ്പോഴും അവൾ ആദ്യം പള്ളിയിലേക്കാണ് പോയത്.[24] അവന്റെ സന്ദേശം എപ്പോഴും "യേശു ... ദൈവപുത്രൻ എന്നായിരുന്നു" (9:20; 1 കൊരിന്ത്യർ 2:2 നോക്കുക; ഗലാത്യർ 6:14).

ഓരോ പുതിയ ക്രിസ്ത്യാനിയും അനുവദിക്കത്തക്ക മാതൃകയായി

രുന്നു ശൗലിന്റേത്. അവൻ *ഉടനെ* സംസാരിക്കാൻ തുടങ്ങി എന്നു നാം കണ്ടു, വാസ്തവത്തിൽ, അവർക്ക് അവനെ നിശബ്ദനാക്കുവാൻ കഴിഞ്ഞില്ല! രണ്ടാമതു, *അവൻ എവിടെ ആയിരുന്നാലും* സംസാരിച്ചിരുന്നു. നമ്മെ മുൻപ് അറിയാമായിരുന്നവരോട് സുവിശേഷം സംസാരിക്കുവാൻ നമുക്ക് മടിയുണ്ടാകും, പക്ഷെ ശൗൽ അവനെ നന്നായി അറിയാമായിരുന്നവരോട് പറഞ്ഞാണ് ശൗൽ ആരംഭിക്കുന്നത്. മൂന്നാമത്, *അവൻ അറിഞ്ഞതാണ്* പറഞ്ഞത്. അവൻ പ്രസംഗിക്കാൻ ആരംഭിച്ചപ്പോൾ; ഒരു പക്ഷെ ദൈവവിശ്വാസിയായിരുന്നേക്കാം.[25] അല്ലെങ്കിൽ അല്ലായിരുന്നേക്കാം, ആയിരുന്നാലും അല്ലെങ്കിലും അവനു അപ്പോഴും പറയുവാൻ സംഭവമുണ്ടായിരുന്നു! നാലാമതു, അവന്റെ കഥയുടെ കേന്ദ്രം എപ്പോഴും *യേശുക്രിസ്തുവും* ക്രിസ്തു അവനോടും ചെയ്തതും ആയിരുന്നു!

താഴെ കൊടുത്തിരിക്കുന്നതു നമുക്ക് പ്രായോഗികമാക്കാം: (1) ഓരോ പുതിയ ക്രിസ്ത്യാനിയും മറ്റുള്ളവരോട് യേശുവിനെക്കുറിച്ച് പറയുവാൻ തുടങ്ങണം. "ഒരു നിശബ്ദശിഷ്യന് ആ വ്യവസ്ഥയിൽ തന്നെ എതിരാണ്."[26] (2) ഓരോ പുതിയ ക്രിസ്ത്യാനിയും "അയാൾ എവിടെയാണോ" അവിടെ യേശുവിനെക്കുറിച്ച് പറയണം. ശൗൽ ആദ്യം പറഞ്ഞപ്പോൾ യെഹൂദൻമാർ വിസ്മയിച്ചതുപോലെ ഏറ്റവും നന്നായി അറിയാവുന്നവരോട് പറയുമ്പോൾ അവർ വിസ്മയിച്ചേക്കാം! (1 പത്രോസ് 4:4.) (3) ഓരോ പുതിയ ക്രിസ്ത്യാനിയും തനിക്കു അറിയാവുന്നത് പറയണം. അവനു കൂടുതൽ അറിവുണ്ടായിരിക്കുകയില്ല, പക്ഷെ ഒരു ക്രിസ്ത്യാനിയായി തീരുവാൻ അവനെന്നു വിശ്വസിച്ചു എന്തു ചെയ്തു എന്നു പറയാൻ അറിയാമല്ലൊ. ആദ്യം, ഇതു പറയാം – പിന്നെ കൂടുതൽ പഠിക്കാം. (4) ഓരോ പുതിയ ക്രിസ്ത്യാനിയും തന്റെ സന്ദേശത്തിന്റെ കേന്ദ്രമായി യേശുവിനെ നിർത്തണം.

നാം പലപ്പോഴും പുതിയ ക്രിസ്ത്യാനികളിൽ നിന്നു വളരെക്കുറച്ച് മാത്രമേ പ്രതീക്ഷിക്കുകയുള്ളൂ – പക്ഷെ അവർ നമ്മുടെ പ്രതീക്ഷയനുസരിച്ച് ജീവിക്കുമ്പോൾ നമുക്ക് ആശ്ചര്യമുണ്ടാവുകയും ചെയ്യും! കൊച്ചുകുട്ടികളിൽ നിന്നു നാം വളരെ പ്രതീക്ഷിക്കുന്നില്ലേ? അവർ വളരുവാൻ നാം ആഗ്രഹിക്കുന്നു, അവർ സംസാരിക്കുവാനും നടക്കുവാനും പഠിക്കണമെന്നു നാം ആഗ്രഹിക്കുന്നു – ആ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനു എന്തെല്ലാം ചെയ്യാമോ അതെല്ലാം നാം ചെയ്യും. അതുപോലെ ഓരോ പുതിയ ക്രിസ്ത്യനികളേയും അവരുടെ യേശുവിലുള്ള പുതിയ ജീവിതത്തിന്റെ വളർച്ചക്കു *എല്ലാ രീതിയിലും* നമുക്ക് അവരെ പ്രോത്സാഹിപ്പിക്കാം.

**നിങ്ങളുടെ ആഹാരം ആസ്വദിക്കുക (9:22)**

ബോധ്യപ്പെടുത്തേണ്ട ഊന്നൽ ഒരു മുഖ്യ തത്വമാണ്. "കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായി യേശു ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ" *വളരുക* (2 പത്രൊസ് 3:18). വളർച്ച മന്ദഗതിയിലോ, വേഗത്തിലോ എന്നതിനേക്കാൾ വളർച്ചയാണ് പ്രധാനം. ഒരു പുതിയതായി ജനിച്ച ശിശു വളരുന്നില്ലെങ്കിൽ, അത് മരിക്കും.

പ്രവൃത്തി 9:22 പറയുന്നു "ശൗലേ *മേല്ക്കുമേൽ ശക്തി പ്രാപിച്ചു.*

യേശു തന്നെ ക്രിസ്തു എന്നു തെളിയിച്ചു ദമാസ്കസിൽ പാർക്കുന്ന യെഹൂദന്മാരെ മിണ്ടാതാക്കി" (എംഫസിസ്മൈൻ) "ശക്തി പ്രാപിച്ചു" എന്ന് ഇവിടെ പറയുന്നതു 19-ാം വാക്യത്തിലെ, "ആഹാരം കൈകൊണ്ടു ബലം പ്രാപിച്ചു" എന്നുപറയുന്നതും രണ്ടുംരണ്ടാണ്. ആദ്യം, ശൗലിന്റെ *ശരീരം* ബലം പ്രാപിച്ചു; പിന്നെ അവന്റെ *ആത്മാവിനു* ശക്തി ലഭിച്ചു. ശൗലിനോടുള്ള എതിർപ്പ് വളർന്നതു കൊണ്ട്, ശക്തിയും വളരേണ്ടിയിരുന്നു – അങ്ങനെ തന്നെ സംഭവിച്ചു. NIV യിൽ പറയുന്നതു "ശൗൽ മേൽക്കുമേൽ വളർന്നു ശക്തി പ്രാപി ക്കുന്നു. യെഹൂദൻമാരെ അമ്പരിപ്പിക്കുകയും ചെയ്തു എന്നാണ്."

ശൗൽ *എങ്ങനെ* ശക്തി പ്രാപിച്ചുവെന്ന് ലൂക്കൊസ് പറയുന്നില്ല; പക്ഷെ നമുക്കറിയാം അപ്പൊസ്തലൻ യേശുക്രിസ്തു വിന്റെ *പരിജ്ഞാനത്തിലാണ്* വളർന്നതെന്ന കാര്യം മുഖ്യമാണ്.[27] പത്രൊസ് എഴുതി, "ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ, രക്ഷക്കായി *വളരുവാൻ*, *വചനം* എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛി പ്പിൻ" (1 പത്രൊസ് 2:2; എംഫസിസ്മൈൻ; എബ്രായർ 5:12-14). രണ്ടു വിധത്തിലാണ് ശൗലിനു പരിജ്ഞാനം ലഭിച്ചത്.

ശൗലിനു ലഭിച്ച പരിജ്ഞാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വഴി കർത്താവിൽ നിന്നുള്ള *നേരിട്ടുള്ള വെളിപാട്* മുഖാന്തിരമാണ്. പൗലൊസ് എഴുതി,

> സഹോദരൻമാരെ, ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്നു നിങ്ങളെ ഓർമിപ്പിക്കുന്നു. അതുമനുഷ്യനിൽ നിന്ന് പ്രാപിച്ചതുമല്ല പഠിച്ചതുമല്ല യേശുക്രിസ്തുവിന്റെ വെളിപ്പാടിനാലത്രെ എനിക്കുലഭിച്ചത് ... ഞാൻ യെരുശലേമിൽ എനിക്കുമുമ്പായി അപ്പൊസ്തലന്മാരായവരുടെ അടുക്കൽ [പോയില്ല]; ഞാൻ അറബിയിലേക്കാനണ് പോയത്, ... (ഗലാത്യർ 1:11, 12, 17).[28]

ദമാസ്കസിലേക്കുള്ള വഴിയിൽ, യേശു ഉയിർത്തെഴുന്നേറ്റു വെന്നും അവൻ മിശിഹാ ആണെന്നു തന്റെ സ്വർഗീയ ആജ്ഞയും വെളിപാടായി ശൗലിനു ലഭിച്ചു, അവനു ലഭിച്ച ശേഷമുള്ള വെളിപാട് എപ്പോൾ, എവിടെവച്ച് കിട്ടി എന്നു നമുക്ക് അറിഞ്ഞുകൂടാ. ഒരു സാദ്ധ്യത അവന്റെ വാക്കുകളാൽ പറയപ്പെട്ടതു "ഞാൻ അറബിയായി ലേക്കു പോയി" (ഗലാത്യർ 1:17) അറബി എന്നതു ദമസ്കസിനു കിഴക്കുള്ള വിശാലമായ മരുഭൂമിയാണ്. കിഴക്കോട്ട് യൂഫ്രെത്തോസ് നദി വരെയും തെക്കോട്ട് ചെങ്കടൽ വരെയുമാണ്.[29] അവന്റെ ആരംഭ ശുശ്രൂഷയിൽ എപ്പോഴോ അവൻ ദമാസ്കസിലേക്ക് മടങ്ങി പോകു ന്നതിനു മുൻപ് അറബിയിൽ സമയം ചെലവഴിച്ചു.[30] അനവധി വ്യാഖ്യാതക്കൾ വിശ്വസിക്കുന്നതു പ്രാഥമികമായി പ്രതിഫലിപ്പിക്കുക എന്ന ഉദ്ദേശ (ഒരു "ആത്മീയ ഏകാന്തത")[31] ത്തിനായിരുന്നു എന്നത്, ശൗൽ അറബിയയിൽ പോയത് എന്തിനാണെന്നോ, അവൻ അവിടെ എന്തു ചെയ്യുകയായിരുന്നോ, എന്ന് ബൈബിളിൽ പറയാത്തതുകൊണ്ട് നമുക്ക് തീർച്ചയില്ല. അവൻ പിന്നീട് പറഞ്ഞ *ചില* അനേക "ദർശനങ്ങളും വെളിപാടുകളിലും" ചിലതു ഇവിടെ

വച്ചു ലഭിച്ചിരിക്കാൻ സാദ്ധ്യതയുണ്ട് അതു 2 കൊരിന്ത്യർ 12:1 ലാണ്.

എപ്പോഴോ എവിടെ വെച്ചോ ശൗലിന്നു കർത്താവിൽ നിന്നു വെളിപാട് ലഭിച്ചു, അതിൽ യേശുവിന്റെ ജീവിതവും ഉപദേശവും അടങ്ങുന്നു. അവൻ പിന്നീട് എഴുതി, ''*കർത്താവിൽ നിന്നു പ്രാപിക്കുകയും* നിങ്ങൾക്കു ഏല്പിക്കുകയും ചെയ്തതു എന്തെന്നാൽ, കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചൊല്ലി നുറുക്കി" (1 കൊരിന്ത്യർ 11:23; എംഫസിസ്മൈൻ).[32] ആരംഭത്തിൽ പന്ത്രണ്ട് അപ്പൊസ്തലന്മാരെ യേശു പഠിപ്പിക്കുകയും ഉയിർപ്പിനു സാക്ഷികളാ വുകയും ചെയ്തു (പ്രവൃത്തി 1:21, 22). പൗലൊസിന്റെ അനുഭവം തിരിച്ചായിരുന്നു: അവൻ ആദ്യം സാക്ഷിയായിത്തീരുകയും *പിന്നെ* യേശുവിനാൽ ഉപദേശിക്കുകയും ചെയ്തു.[33]

രണ്ടാമതു, പൗലൊസ് മറ്റുള്ളവരിൽ നിന്നു പഠിച്ചുകൊണ്ടാണ് പരിജ്ഞാനം വളർത്തിയത്. ഗലാത്യർക്കു എഴുതുമ്പോൾ, അവൻ ആദ്യം അപ്പൊസ്തലൻമാരുടെ അടുക്കൽ പോയില്ല എന്നു ഊന്നിപ്പറ യുന്നു, എന്നാൽ പറഞ്ഞു, ''മൂവാണ്ടു കഴിഞ്ഞിട്ടു [അതായത്., മൂന്നു വർഷങ്ങൾക്കു ശേഷമുള്ള പരിവർത്തനം] കേഫാവുമായി [പത്രൊസിന്റെ മറ്റൊരു പേർ[34]], യെരുശലേമിലേക്ക് പോയി പതിനഞ്ചു ദിവസം അവനോട് കൂടെ പാർത്തു" (ഗലാത്യർ 1:18). പത്രൊസും യോഹന്നാനും അവരുടെ അനുഭവങ്ങളും യേശുക്രിസ്തുവിന്റെ പരിജ്ഞാനവും പങ്കിട്ടപ്പോൾ അവിടെ ഉണ്ടായിരുന്നെങ്കിൽ എന്നു നിങ്ങൾ ആഗ്രഹിച്ചിട്ടില്ലേ? പത്രൊസ് കർത്താവിനെ തള്ളി പറഞ്ഞപ്പോൾ, അവന്റെ കവിളിൽ കൂടെയും കണ്ണുനീർ ഒഴുകിയതു എനിക്കു കാണാൻ കഴിയും.

ക്രിസ്തുവിൽ ശിശുവായിരിക്കുന്ന ഒരാൾക്ക് വളർന്ന് ശക്തി പ്രാപിക്കുവാൻ, അയാൾക്കു പോഷണമായ ദൈവവചനം വേണം. ശൗലിനു കിട്ടിയ വ്യക്തിപരമായ വിവരണവും നേരിട്ടുള്ള വെളിപാടും നമുക്ക് *ബൈബിളിൽ* നിന്നു കിട്ടുന്നു. അവൻ പിന്നീട് തിമൊഥെയോസിനോട് പറഞ്ഞു ''ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിൽ നിന്നെ രക്ഷക്കു ജ്ഞാനിയാകുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യം മുതൽ അറിയുന്നതു ...'' (2 തിമൊഥെയോസ് 3:15) തിരുവെഴുത്തുകളെ ഒരു ഉപകരണത്തോടു ഉപമിച്ചുകൊണ്ടു ''ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി നില്പാൻ ശ്രമിക്ക" (2 തിമൊഥേയോസ് 2:15).

പുതിയ ക്രിസ്ത്യാനികൾക്കു ഇതിനേക്കാൾ ശക്തമായ നിർദ്ദേശങ്ങൾ ചിലരുണ്ട്: പഠിക്കുക, പഠിക്കുക, ദൈവവചനം പഠിക്കുക! "അതങ്ങനെ തന്നെയോ എന്നു തിരുവെഴുത്തുകളെ ദിനം പ്രതിശോധന ചെയ്ത ഉത്തമന്മാരായ ബെരോവക്കാരെ അനുകരി ക്കുക" (17:11). ബൈബിൾ സ്വയമായി പഠിക്കുക: ദിവസവും പഠിക്കുവാൻ സമയെ നീക്കി വെക്കുക; ഒരുപക്ഷെ പഠിക്കുവാൻ ഒരു പദ്ധതി തയ്യാറാക്കുക. അതുപോലെ, പഠിക്കുവാനുള്ള എല്ലാ അവസരങ്ങളും ഉപയോഗിക്കുക. ഒരു ക്രിസ്ത്യാനിയായതുകൊണ്ട്, നിങ്ങൾ ദൈവഭവനത്തിലെ ഭാഗമായി

തീർന്നു. ക്രിസ്തുവിലുള്ള നിങ്ങളുടെ സഹോദരീസഹോദരന്മാരുമൊത്ത് ആരാധിക്കുന്നു, ബൈബിൾ പഠനത്തിൽ പങ്കെടുക്കുകയും അവരുമായ വചനം പഠിക്കുകയും ചെയ്യുക. ആത്മീയ ഭക്ഷണം *ആസ്വദിക്കാൻ* ശീലിക്കുക!

**ഉപസംഹാരം**

സ്വയ – പരിശോധനയോടെ നമുക്ക് നിർത്താം. "ഒരു ക്രിസ്ത്യാനിയായ ഞാൻ ഏതു തരത്തിൽ ആണ് പുരോഗമിച്ചത്?" വളരേണ്ടതുപോലെ വളരാതിരിക്കുന്ന ക്രിസ്ത്യാനികൾക്കു പൗലൊസ് ഈ വാക്കുകൾ എഴുതി: "എന്നാൽ, സഹോദരന്മാരെ, നിങ്ങളോട് എനിക്കു ആത്മീകന്മാരോട് എന്ന പോലെയല്ല, എന്നാൽ ... ജഡിക ന്മാരോടു എന്ന പോലെ ക്രിസ്തുവിൽ ശിശുക്കൾ ആയവരോട് എന്നപോലെ അത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ളു. ഭക്ഷണമല്ല; പാലത്രേ ഞാൻ നിങ്ങൾക്കു തന്നതു, ഭക്ഷിപ്പാൻ നിങ്ങൾക്കു കഴിവില്ലായിരുന്നു. ഇപ്പോഴും കഴിവായിട്ടില്ല, ഇന്നും നിങ്ങൾ ജഡികന്മാരല്ലെ" (1 കൊരിന്ത്യർ 3:1, 2).

ശിശുവായി ജനിക്കുന്നതു ഏറ്റവും നല്ലതാണ്; എന്നാൽ ശിശുവായിതന്നെ ഇരിക്കുന്നതു വേദനാജനകമാണ്. നിങ്ങൾ ഹൃദയം ഗമമായി പരിശോധിച്ച് വളരേണ്ടതുപോലെ വളർത്തീട്ടില്ല എന്നു കാണുകയാണെങ്കിൽ, "സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം, വളരുവാൻ ഇടയാക്കും" (എഫെസ്യർ 4:15).

**പ്രസംഗക്കുറിപ്പുകൾ**

പ്രവൃത്തി 9:27 പ്രകാരം റിച്ചാർഡ് റോജേഴ്സ് സൂചിപ്പിച്ചത്, ബർണബാസ് പറഞ്ഞു യെരുശലേം സഭ ഒരംഗമായി ശൗലിനെ സ്വീകരിക്കണം കാരണം (1) ശൗൽ കർത്താവിനെ കണ്ടിട്ടുണ്ട്, (2) അവൻ കർത്താവിനോട് സംസാരിച്ചിട്ടുണ്ട്, (3) അവൻ കർത്താവിനെക്കുറിച്ച് മറ്റുള്ളവരോട് പറഞ്ഞിട്ടുണ്ട്. റോജേഴ്സ് പറഞ്ഞു, നാമും "കർത്താവിനെ കാണണം" (ബൈബിൾപഠിച്ചുകൊണ്ട്), കർത്താവിനോട് സംസാരിക്കണം (പ്രാർത്ഥനയിൽ), മറ്റുള്ളവരോട് കർത്താവിനെക്കുറിച്ച് പറയണം (സുവിശേഷം അറിയിച്ചുകൊണ്ട്). ഇതു പരിവർത്തനത്തിന്റെയും, കൂട്ടായ്മയുടെയും, ഏറ്റുപറച്ചിലിന്റെയും ഗുണങ്ങളാണെന്ന് റോജേഴ്സ് പറഞ്ഞത് (റിച്ചാർഡ് റോജേഴ്സ്, ലബ്ബോക്, ടെക്സാസിലെ, സൺസെറ്റ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ, n.d. "പ്രാദേശിക സഭയിലെ അംഗത്വം ഉണ്ടാകേണ്ട ആവശ്യകത," എന്ന വിഷയത്തിൽ പ്രസംഗിച്ചു).

---

കുറിപ്പുകൾ


[1]ഈ രണ്ടു വേദഭാഗങ്ങളിലും ഉപയോഗിച്ചിരിക്കുന്ന പദം "ശിശു" എന്നതു വില കുറക്കുന്ന രീതിയിലുള്ളതാണ്. കാരണം സംബോധന ചെയ്തവർ ക്രിസ്ത്യാനി കളായി *വളർന്നി*ട്ടില്ലായിരുന്നു. ശിശുവായി *തുടങ്ങുന്നത്* തെറ്റല്ല; എന്നാൽ ശിശുവായി ത്തന്നെ

ഒരാളുടെ ജീവിതം *ആയിരിക്കുക* എന്നതു തെറ്റാണ്! [2]കഴിഞ്ഞ പാഠത്തിലെപ്പോലെ, ഞാൻ ശൗൽ *എന്നും* പൗലോസ് എന്നും രണ്ടുപേരുകളും ഉപയോഗിക്കും: [3]ക്രിസ്തുവിന്റെ ശിഷ്യൻമാരെ ചിലപ്പോൾ "ക്രിസ്ത്യാനികൾ" എന്നു ആ പേർ 11:26 വരെ കാണുന്നില്ലെങ്കിലും ഞാൻ വിളിക്കും. [4]രക്ഷിക്കപ്പെട്ട എല്ലാ വ്യക്തികളേയും കർത്താവ് തന്റെ സഭയോട് ചേർക്കും. [5]വില്യം എഫ് ബെർക്, ദി ന്യൂ ടെസ്റ്റമെന്റ് ഇൻ ദി ലാംഗ്വേജ് ടുഡെ (എംഫസിസ്മൈൻ). ചിലർ വിചാരിക്കുന്നതു 1 തിമൊഥെയൊസ് 3:15 ലെ "ഹൗസ്ഹോൾഡ്" എന്നതിന്റെ അർത്ഥം "ദൈവാലയം" ആണെന്നു കരുതുന്നു, എന്നാൽ സന്ദർഭത്തിൽ "ഹൗസ്" (ഫ്രം *ഒയിക്കോസ്*) വാക്യങ്ങൾ 4, 5, 12 എന്നീ വാക്യങ്ങളിലെ അതേ അർത്ഥമാണ് 15-ാം വാക്യത്തിലെയും. ഈ വേദഭാഗം മുഴുവനും, ശൗൽ ദൈവത്തിന്റെ ഭവനത്തെ സഭാദ്ധ്യക്ഷന്മാരുടെ ഭവനങ്ങളുമായി താരതമ്യം ചെയ്തിരിക്കുന്നു. [6]ശരിയാണെന്നു തോന്നുന്നുവെങ്കിൽ, നമ്മുടെ കുടുംബത്തെ അനുമോദിക്കുന്ന പ്രകടനങ്ങളും ചേർക്കാം. [7]അനേകർ സഭയെ ഇന്നു വിലകുറച്ചു സംസാരിക്കുന്നു, എന്നതു ആവശ്യമെങ്കിൽ വിപുലീകരിക്കാം. [8]വീണ്ടും, പ്രവൃത്തി 1 ലെ 2:41, 47 എന്നീ നോട്ടുകൾ കാണുക. [9]അനന്യാസിനു സഹോദരന്മാർക്കുണ്ടായ ആശങ്ക അടിച്ചമർത്താൻ കഴിഞ്ഞിരുന്നെങ്കിൽ. [10]NJV യിലും "ചേരുക" എന്ന വാക്കാണ്.

[11]ഡബ്ല്യൂ. ഈ. വൈൻ, മെറിൽ എഫ്, അങ്കർ, വില്ല്യം വൈറ്റും, ജൂനിയർ., *വൈൻസ് കംപ്ളീറ്റ് എക്സ്പോസിറ്ററി ഡിക്ഷണറി ഓഫ് ഓൾഡ് ആന്റ് ന്യൂ ടെസ്റ്റമെന്റ് വേർഡ്സ്* (നാഷ്വില്ലേ: തോമസ് നെൽസൺ പബ്ളിഷേർസ്, 1985), 334 (എംഫസിസ്മൈൻ) മത്തായി 19:5 "പറ്റിച്ചേരൽ" എന്ന വാക്ക് തർജ്ജിമ ചെയ്തതാണിത്. ആ വാക്കിന്റെ മറ്റു പ്രയോഗങ്ങൾക്കു, നോക്കുക ലൂക്കൊസ് 15:15; പ്രവൃത്തി 5:13; 10:28. [12]റോമർ 12-ൽ നിന്നും 1 കൊരിന്ത്യർ 12-ൽ നിന്നും വരുന്ന പദവിയാണ്, "അവയവം" അവിടെ വ്യക്തികളായ ക്രിസ്ത്യാനികളെ ഭൗതീകശരീരത്തിലെ *അവയവങ്ങളോട്* താരതമ്യം ചെയ്തിരിക്കുന്നു: കാലടി, കൈ, കണ്ണ്, ചെവി, തുടങ്ങിയവ. പ്രാദേശിക ഇടവകയിൽ "ഒരാളുടെ പേരുണ്ടെങ്കിൽ" അയാളുടെ പേർ പുസ്തകത്തിലുണ്ടെന്ന് കരുതരുത്, മറിച്ച് അയാൾ ആ ഇടവകയിൽ *പ്രവർത്തിക്കുന്ന ഒരു ഭാഗമായി* തീരണം. "ഒരു ഇടവകയിൽ അംഗമാകുക" എന്നാൽ ആ ഇടവകയിൽ *പ്രവർത്തിക്കാൻ തുടങ്ങുക* എന്നർത്ഥം. [13]ചിലർ വീടിനകലെ ജോലിക്കോ മറ്റോ പോയതാകാം. അവിടെ അംഗത്വമെടുത്ത് മൂപ്പന്മാരുണ്ടെങ്കിൽ അവർക്കു കീഴ്പ്പെട്ടിരിക്കുക. [14]മൂപ്പന്മാരുണ്ടായാലേ ഒരു ഇടവക വചനാനുസരണമാകയുള്ളു എന്ന് ധരിക്കരുത്, എന്നാൽ ഓരോ ഇടവകയും വേഗത്തിൽ ആ ലക്ഷ്യത്തിലെത്താൻ പ്രവർത്തിക്കണം (തീത്തോസ് 1:5) ഇടവകയിൽ മൂപ്പന്മാർ ഇല്ലെങ്കിലും, നമുക്കു ചിലരോട് *ഉത്തരവാദിത്വമുണ്ട്.* പ്രാദേശിക ഇടവകയിൽ ആയാൾക്കു ഉത്തരവാദിത്വബോധം ഓരോരുത്തർക്കും നല്കണം. [15]ശൗലിനു ഉണ്ടായിട്ടില്ലാത്ത ഒരു പ്രശ്നം നമുക്കുണ്ട്: ശൗലിന്റെ കാലത്തു നാമധേയ വിഭാഗങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല; ആദ്യമായി ഉറപ്പുവരുത്തേണ്ടതു നാം "ചേരുന്ന" ഇടവക ദൈവവചനത്തെ പിന്തുടരുന്നതാണോ എന്നതാണ്. [16]പൗലൊസ് ആദ്യം സഞ്ചരിച്ച ഭൂപടം നോക്കുക. [17]പ്രാദേശികസഭയിലേക്കുള്ള കൂട്ടായ്മയിൽ ആരെയും എല്ലാവരേയും സ്വയമേ സ്വീകരിക്കാവുന്നതല്ല എന്നു ഇതു കാണിക്കുന്നു. എങ്ങനെയായാലും, മറ്റു നിർബന്ധകാരണങ്ങൾ ഒന്നുമില്ലെങ്കിൽ, സാധാരണ വചനപ്രകാരം സ്നാനമേറ്റവരെ (കർത്താവിന്റെ സഭയോട് ചേർക്കപ്പെട്ടവരെ) സ്വീകരി*ച്ചിരുന്നു.* [18]അവന്റെ കാഴ്ച പ്രശ്നം പെട്ടെന്നു നീങ്ങിയെങ്കിൽ അവർ അതിശയപ്പെടുമായിരുന്നു, എന്നാൽ അവനെ കാണുന്നതിൽ അവർ അതിശയപ്പെട്ടില്ല. അവന്റെ ലക്ഷ്യം ദമാസ്കസിലെ പള്ളികളായിരുന്നു (9:2). [19]പൗലൊസ് ഈ പദത്തിന്റെ ഭാഗം 13:33-ൽ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഇതു മുഴുവനായി പ്രവൃത്തികളുടെ പുസ്തകത്തിൽ ആദ്യമായാണ് പ്രത്യക്ഷപ്പെടുന്നത്. [20]"ദൈവപുത്രൻ" എന്ന നാമം ക്രിസ്തുവിന്റെ പ്രത്യക്ഷതക്കായി ഉപയോഗിച്ചിരുന്നു, എന്നല്ലാ പിന്നെയോ യേശു *സ്വർഗ്ഗത്തിൽ* നിന്നു സംസാരിക്കുന്നവൻ ദൈവസാന്നിദ്ധ്യത്തിൽ ക്രിസ്തുവിന്റെ പ്രത്യക്ഷതക്കും ഉപയോഗിച്ചിരുന്നു.

[21]പൗലൊസ് ഏതാണ്ട് പതിനഞ്ചു പ്രാവിശ്യം ഈ നാം തന്റെ ലേഖനങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. [22]ഈ വരികളിൽ ഉദാഹരണമായി പൗലൊസിന്റെ കാരണം കണ്ടെത്തൽ, പ്രവൃത്തി 13:6-14; 17:1-3, 10 കാണുക. [23]6:9. [24]സാധാരണ പള്ളിയുള്ള പ്രദേശമായിരുന്നെങ്കിൽ അവിടത്തെ പള്ളിയിലേക്കാണ് അവൻ പോവുക, ഒരു ഒഴികഴിവിനു, പൗലൊസിന്റെ ഫിലിപ്പിയയിലെ പ്രവർ ത്തനം പ്രവൃത്തി 16-ൽ നോക്കുക. [25]എപ്പോഴോ ശൗലിന്നു പരിശുദ്ധാത്മ സ്നാനം ലഭിച്ചു. (അല്ലെങ്കിൽ അതിനു തുല്യമായി), വാസ്തവത്തിലുള്ള "അപ്പൊസ്തലന്റെ അടയാളങ്ങൾ" "അത്ഭുതങ്ങളും അടയാളങ്ങളും" ചെയ്യുവാൻ പ്രാപ്തനാക്കി (2 കൊരിന്ത്യർ 12:12), ക്രിസ്ത്യാനികളുടെ മേൽ കൈവച്ച് അവർക്ക് അത്ഭുതവരങ്ങൾ പകർന്നു കൊടുക്കുവാനും കഴിഞ്ഞു (19:1-7) പ്രവർത്തി 9 ലോ പിന്നീടോ ശൗലിന് *എപ്പോഴാണ്* പരിശുദ്ധാത്മ സ്നാനം ലഭിച്ചതെന്ന് ലൂക്കോസ് പറഞ്ഞിട്ടില്ല (അതിനു തുല്യമായോ). ശൗൽ ഒരുപക്ഷെ ദമാസ്കസിലെ പള്ളികളിൽ ദൈവവിശ്വാസിയമായി സംസാരിച്ചു "യെഹൂദന്മാരെ മിണ്ടാതാക്കിയേക്കാം" പക്ഷെ നമുക്ക് അതിനു തീർച്ചയില്ല. [26]റിക് ആച്ച്ലെ, "എ മാൻ വിത്തൗട്ട് എ കോൺഗ്രിഗേഷൻ," 1985 സെപ്റ്റംബർ 22 ന് ടെക്സാസിലെ, അബിലീനിൽ, സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ, പ്രസംഗിച്ചു. [27]ആത്മാവ് അവനിലുണ്ടായിരുന്നു എന്നതിന്റെ തീർച്ച മറ്റൊരു വസ്തുതയായിരുന്നു. [28]ഗലാത്യർ 1:11-24-ൽ, താൻ ക്രിസ്ത്യാനിയായിതീർന്ന സമയം പൗലൊസ് പറഞ്ഞു. പ്രവൃത്തി 9 ലെ വിവരണങ്ങൾ അനുബന്ധമായി ആ വാക്യങ്ങൾ ഈ പാഠത്തിൽ ഉപയോഗിച്ചത്. [29]ശൗലിന്റെ പ്രാരംഭയാത്രയെ കാണിക്കുന്ന ഭൂപടം നോക്കുക. [30]ഗലാത്യർ 1:17. ഈ വാക്യം 9:22 നും 9:23 നും മദ്ധ്യേയും മറ്റുഭാഗത്തും ഈ വാക്യം യോജിക്കു.

[31]അവയിൽ ചിലതു പരിഗണിക്കുമ്പോൾ സീനായി പർവ്വതം അറേബ്യയുടെ തെക്കെ അറ്റത്താണെന്നു കാണാം (ഗലാത്യർ 4:25) മോശെയും ഏലിയായും ആത്മീയ തീർത്ഥയാത്ര ചെയ്തിരുന്നതുപോലെ ശൗലും ചെയ്തിരുന്നു എന്നു പറയപ്പെട്ടു, പക്ഷെ ആ യാത്രക്കു തെളിവൊന്നുമില്ല. [32]എന്നെങ്കിലും സുവിശേഷ വിവരണങ്ങൾ പൗലൊസ് രേഖപ്പെടുത്തി. [33]അതുകൊണ്ടു, അവൻ മറ്റു അപ്പൊസ്തലൻമാരെക്കാൾ ഒട്ടും കുറഞ്ഞവനല്ല. (2 കൊരിന്ത്യർ 12:11). [34]യോഹന്നാൻ 1:42.




1. ശൌൽ യെരുശലേം ❶ വിട്ട് ദമസ്കോസിലേക്കു ❷, "ഭീഷണിയും ക്രിസ്ത്യാനിത്വത്തിനെതിരായും നിശ്വസിച്ചുകൊണ്ട്" (9:1; 22:5; 26:12).
2. ദമസ്കൊസിലേക്കുള്ള വഴിയിൽ യേശുവിനെ കണ്ടതുകൊണ്ട് ❷, ശൗൽ പട്ടണത്തിൽ ചെല്ലുകയും അനന്യാസ് അവനോട് സ്നാനപ്പെടുവാൻ പറയുകയും ചെയ്തു. ഉടനെ അവൻ പ്രസംഗിക്കാൻ തുടങ്ങി (9:20-22).
3. ശൗൽ അറബിയിലേക്കു പോയി ❸ (ഗലാത്യർ 1:17) പിന്നെ ദമസ്കൊസിലേ ക്കു മടങ്ങി ❷. യെഹൂദന്മാരുടെ കോപത്തിൽ നിന്നു ഒഴിഞ്ഞു മാറുവാൻ, അവനെ രാത്രിയിൽ പട്ടണത്തിൽ നിന്നു ഒരു കുട്ടയിൽ ഇറക്കിവിട്ടു (പ്രവൃത്തി 9:23-25) പിന്നെ അവൻ യെരുശലേമിലേക്കു പോയി ❶. അവിടെ അവൻ ബർന്ന ബാസാൽ സ്വീകരിക്കപ്പെടുകയും അവൻ പത്രൊസിനെയും യാക്കൊബിനെയും കാണുകയും ചെയ്തു (പ്രവൃത്തി 9:26-28; ഗലാത്യർ 1:18, 19).
4. വീണ്ടും യെഹൂദന്മാർ അവനെ ഭീഷണിപ്പെടുത്തി. ശൌൽ/ പൗലൊസിനെ കൈസര്യയിലേക്കു ❹ സഹോദരന്മാർ കൊണ്ടുപോയി പിന്നെ അവന്റെ വീടാ യ തർസൊസിലേക്കും അയച്ചു ❺ (9:29, 30).
5. സ്വദേശത്തു അവൻ ഏഴുവർഷം ഉണ്ടായിരുന്നതുകൊണ്ട് പൗലൊസ് കിലിക്യയിലും സുറിയയിലും പ്രസംഗിച്ചു (ഗലാത്യർ 1:21). തർസൊസിൽ ❺ നി ന്നു ശൗലിനെ ബർന്നബാസാണ് അന്തോക്യയിലേക്കു ❻ കൊണ്ടുവന്നത്. അവിടെ അവന്നും ശൗലും ഒരുവർഷം പ്രവർത്തിച്ചു (പ്രവൃത്തി 11:22-26).

ശെ ർ പ്രാരംഭയാത്രകൾ